LIBRARY ARCHIVES Kerala Legislative Assembly

ബസ് ബേകൾ നിർമ്മിക്കാൻ പദ്ധതി

200 (650) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. വി. ജെ. തങ്കപ്പൻ :
ശ്രീ. ബി. രാഘവൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാഫിക് സുരക്ഷിതത്വത്തിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ബസ്ബേകൾ നിർമ്മിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) കൊല്ലം-കോവളം ദേശീയപാത അപകടരഹിതപാതയായി പ്രഖ്യാപിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് വെളിപ്പെടുത്തുമോ ;

(സി) റോഡുകളിലെ അപകട സാധ്യതാ മേഖലകൾ അപകട വിമുക്തമാക്കുന്നതിനായി റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ പദ്ധതികൾ ആവിഷ്കരിക്കുമോ ;

(ഡി) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ കാർ പാർക്കിംഗിനായി ബഹുനിലമന്ദിരങ്ങൾ പണിയുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) ട്രാഫിക്ക് സുരക്ഷിതത്വത്തിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ബസ് ബേകൾ നിർമ്മിക്കുന്നതിനുള്ള വിശദമായ വസ്തുതകൾ ശേഖരിച്ചുവരുന്നു. ബസ് ബേകളുടെ നിർമ്മാണം റോഡ് സുരക്ഷാ ദശാബ്ദ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) കൊല്ലം-കോവളം ദേശീയപാത അപകടരഹിത പാതയായി പ്രഖ്യാപിക്കുന്നതുമായി ബന്ധപ്പെട്ട് 226.847 ലക്ഷം രൂപയുടെ റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ ഇപ്പോൾ അന്തിമഘട്ടത്തിലാണ്. ബസ് ബേകളുടെ നിർമ്മാണവും റോഡ് സുരക്ഷാ സൈൻ ബോർഡുകളും റോഡ് മാർക്കിംഗുകളും മറ്റിതര പണികളുമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) ആവിഷ്കരിച്ചുവരുന്നു.

(ഡി) പരിശോധിക്കുന്നതാണ്.

മലപ്പുറം മണ്ഡലത്തിലെ മരാമത്തുപണികൾ

201 (651) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :